COMMITTEE TO ENQUIRE INTO THE GRIEVANCES OF NURSES

287. മിസ്റ്റർ കെ. എസ്സ്. പണിക്കർ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ഗവൺമെണ്ടിൽ നിന്നും ദയവായി മറുപടി പറയുമൊ.—

(എ) മെഡിക്കൽ ഡിപ്പാർട്ടുമെണ്ടിലെ നഴ്സുമാരുടെ കഷ്ടതാനിവാരണത്തിനായി നിയമിക്കപ്പെട്ടിട്ടുള്ള കമ്മറിയിലെ മെമ്പർമാർ ആരെല്ലാം;

(ബി) ആരാണ് ഈ കമ്മറിയെ നിയമിച്ചതു;

(സി) ഇവരിൽ എത്ര നിയമസഭാ സാമാജികന്മാരുണ്ടു;

(ഡി) നെഴ്സുമാരുടെ അവശതാനിവാരണത്തിനു അവശ്യം ആവശ്യമായി ചെയ്യേണ്ട സംഗതികളെ സംബന്ധിച്ചു നിയമസഭയിലുണ്ടായിട്ടുള്ള ചോദ്യങ്ങൾ, പ്രമേയങ്ങൾ, ഉപക്ഷേപങ്ങൾ എന്നിവകളെ എതിർക്കാത്ത അനുദ്യോഗസ്ഥന്മാരായാലും ഉദ്യോഗസ്ഥന്മാരായാലും ആരെങ്കിലും ഈ കമ്മറിയിലുണ്ടൊ;

(ഇ) നെഴ്സുമാർക്കുള്ള ഇന്നിന്ന അവശതകൾ ഇന്നിന്ന തരത്തിൽ പരിഹരിക്കണമെന്നു അഭ്യർത്ഥിക്കുന്നതായ അപേക്ഷകൾ അവരിൽ നിന്നു കിട്ടീട്ടില്ലെ;

(എഫ്) ആ അപേക്ഷകൾ ഏതാണ്ടു് ഒരേ രൂപത്തിലല്ലെ;

(ജി) മദ്രാസ്സിലെ സമ്പ്രദായം ഇവിടെ അനുകരിക്കുന്നതിൽ വല്ല വിരോധവുമുണ്ടൊ;

(എച്ച്) കമ്മറിയുടെ റിപ്പോർട്ടു നിയമസഭയിൽ അവതരിപ്പിച്ചു് ചർച്ച ചെയ്തതിനുശേഷം മാത്രമേ ആ റിപ്പോർട്ടിന്മേൽ ആർഡർ പാസ്സാക്കുകയുള്ളു എന്നാണൊ തീർച്ചയാക്കിയിരിക്കുന്നതു?

റാവു ബഹദൂർ ടി. കെ. നായർ:

(എ) ക. ചീഫ് മെഡിക്കൽ ആഫീസ്സർ.

ഖ. ഗവൺമെണ്ടു സിക്രട്ടറി, ഡെവലപ്പ്മെൻറ് വിഭാഗം.

ഗ. കംപ്ട്രോളർ കാഷ് ഫൈനാൻസ് ആൻറ് എക്കൌണ്ട്സ്.

ഘ. ഡോക്ടർ എ. കെ. മേനോൻ, സിവിൽ സർജൻ, തൃശ്ശിവപേരൂർ.

ങ. മദർ സൂപ്പീരിയർ, ജനറൽ ഹോസ്പിറ്റൽ, എറണാകുളം.

ച. ഡോക്ടർ എസ്സ്. എസ്സ്. റാവു, എം. എൽ. സി.

ഛ. ഡോക്ടർ മിസ്സിസ്സ് ടി. ഫ്രാൻസിസ്, എം. എൽ. സി.

(ബി) ഗവൺമെണ്ടിൽനിന്നു.

(സി) രണ്ടു ഉദ്യോഗസ്ഥമെമ്പർമാരും രണ്ടു അനുദ്യോഗസ്ഥ മെമ്പർമാരും.

(ഡി) അറിഞ്ഞുകൂടാ.

(ഇ) ഡിപ്പാർട്ടുമെണ്ടിൽ ജോലിചെയ്യിട്ടുള്ള സർവ്വീസനുസരിച്ചു ശമ്പളത്തോതു ക്രിയപ്പെടുത്തേണമെന്നും ശമ്പളം രു. 0—8—രു 0 ആക്കി കിട്ടേണമെന്നും അപേക്ഷയുണ്ടായിരുന്നു.

(എഫ്) അതെ.

(ജി) അതിനെപ്പറ്റി കമ്മറിയിൽ ആലോചിക്കുന്നുണ്ടു.

(എച്ച്) അതിനെക്കുറിച്ചു യാതൊന്നും ഇപ്പോൾ തീർച്ചയാക്കിയിട്ടില്ല. റിപ്പോർട്ടു കിട്ടിയതിനുശേഷം മാത്രമേ അതിനെപ്പറ്റി ആലോചിക്കയുള്ളു.

APPOINTMENTS TO THE DISTRICT COURT, TRICHUR AND MUNSIFF'S COURT SUBORDINATE THERETO

288. **Mr. M. O. Thomakutty** *(Commerce and Industry):* Will Government be pleased to state.—

(*a*) whether they have perused the caste-war statement of appointments made in the District Court, Trichur and the Munsiff's Courts subordinate thereto for 1121 published in the Cochin Government Gazette, dated 2nd Thulam 1122 (page 35);

(*b*) is there any special reason for not giving any appointment to the "Other Christians" among the 103 posts already existed before 1121;

(*c*) why no attempt was made during 1121 to appoint any one from this unrepresented community ?

Mr. B. V. K. Menon (*Secretary to Government*):

(*a*) Yes.

(*b*) & (*c*) No suitable condidates were available from the community.

LIBRARY ARCHIVES Kerala Legislative Assembly